കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ/ കെഎൻആർ /സി.8/1749/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 16/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ/ കെഎൻആർ /സി.8/1749/2025 തീയ്യതി: 16/12/2025

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-11-2024 മുതൽ 08-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 59 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 56 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സുരേശൻ പി.വി.	ഡെപ്യൂട്ടി ഡയരക്ടർ	09-10-2025	16-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
09-10-2025	16-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വിനീത് കുമാർ കെ.പി., ഓഡിറ്റ് ഓഫീസർ
ശ്രീ ഷിജു എ., ഓഡിറ്റ് ഓഫീസർ

ശ്രീമതി രാജിമ എ.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി പി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശ്രീനാഥ് വി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷീബ എ.വി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി സജിത പി.പി.	സെക്രട്ടറി	01-04-2024	26-09-2024
ശ്രീ ബിന്റി ലക്ഷ്മണൻ	സെക്രട്ടറി	27-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ദിലീഷ് കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ അനീസ് എം.എം.	കൃഷി ഓഫീസർ	01-04-2024	02-05-2024
ശ്രീമതി അതുല്യ എം.പി.	കൃഷി ഓഫീസർ	03-05-2024	15-02-2025
ശ്രീമതി പൂജാവർമ്മ എം.	കൃഷി ഓഫീസർ	16-02-2025	31-03-2025
ശ്രീമതി രമ്യ വി.കെ.	വി.ഇ.ഒ.(മാവിലായി)	01-04-2024	31-03-2025
ശ്രീമതി രസില ആർ	വി.ഇ.ഒ.(മക്രേരി)	01-04-2024	31-03-2025
ഡോ.ഷീന വിജയൻ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2024	31-03-2025
ഡോ.ശ്രീധർ രാജൻ ടി.	സീനിയർ വെറ്റിനറി സർജ്ജൻ	01-04-2024	31-03-2025
ശ്രീമതി സന്ധ്യ പി.കെ.	ഫിഷറീസ് ഓഫീസർ	01-04-2024	03-05-2024
ശ്രീ അബ്ദുള്ള കെ.പി.	ഫിഷറീസ് ഓഫീസർ	04-05-2024	31-03-2025
ശ്രീ എം.പി. ജയൻ	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2024	31-08-2024
ശ്രീ മുഹമ്മദ് അർഷാദ്	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-09-2024	08-12-2024
ശ്രീമതി റിസ്വാന പി. കബീർ	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	09-12-2024	31-03-2025
ഡോ.രാഹുൽ ബാബു	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2024	31-03-2025
ശ്രീമതി ജൂന കെ.കെ.	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2024	31-03-2025

ശ്രീ.പ്രകാശൻ കർത്ത	ഹെഡ്മാസ്റ്റർ	01-04-2024	29-03-2025
ശ്രീമതി.സുസ്മിത	ഹെഡ് മിസ്ട്രസ്സ്	30-03-2025	31-03-2025
ശ്രീ.പത്മനാഭൻ.കെ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025

-

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-1
3	ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല	1-1-2
4	മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-3
5	ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയത് കൃത്യമല്ല	1-1-4
6	ക്യാപ്പിറ്റൽ ചെലവുകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.	1-1-5
7	ഐ.സി.ഡി.എസ്. നീക്കിയിരിപ്പു തുക പൊരുത്തപ്പെടുന്നില്ല	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഫണ്ട് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമപദ്ധതികൾ	1-7
14	ക്യാഷ് പരിശോധന	1-8
15	ആഭ്യന്തരനിയന്ത്രണം	1-9
16	ഗ്രാമസഭ	1-10
17	ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ ലൈസൻസ് എടുത്തിട്ടില്ല	1-11
18	നിശ്ചിത മാതൃകയിലുള്ള അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പരിപാലിക്കുന്നില്ല	1-12
19	പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകങ്ങൾ	1-13
20	ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല	1-14
21	കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിനു ശേഷം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല	1-15
22	സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നത് - സംബന്ധിച്ച്	1-16
23	വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു	1-17
24	അധിക നിർമ്മാണം നടത്തുന്നതിന് (എക്സറ്റൻഷൻ) പെർമിറ്റ് നൽകിയ Existing Building-കളുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിസ്തീർണവും അപേക്ഷകൻ സമർപ്പിച്ച സൈറ്റ്	1-18

	പ്ലാനിലെ വിസ്തീർണവും പൊരുത്തപ്പെടുന്നില്ല.	
25	വാടക-അപാകങ്ങൾ	1-19
26	കാരണം രേഖപ്പെടുത്താതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി	1-20
27	തൊഴിൽ നികുതി-പിഴ ഇനത്തിൽ കുറവ് തുക ഈടാക്കി	1-21
28	കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിശ്ചയിച്ചു - നികുതി നഷ്ടം	1-22
29	മരണശേഷവും പെൻഷൻ തുക അനുവദിച്ചു.	1-23
30	മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹444395 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-24
31	ഫർണ്ണിച്ചർ ലഭ്യമായില്ല - ₹63186 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-25
32	നെൽക്കൃഷി വികസനം രേഖകൾ ലഭ്യമല്ല ₹431486 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-26
33	മട്ടുപ്പാവ് ചട്ടിക്കൃഷി -രേഖകൾ ലഭ്യമല്ല ₹1307551 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-27
34	പത്താമുദയം-തുടർപ്രവർത്തന വിവരം അറിയിക്കേണ്ടതാണ്	1-28
35	വിദ്യാർത്ഥികൾക്ക് ഫുട്ബോൾ,കരാട്ടെ പരിശീലനം - പരിശീലകർക്ക് അധികം വേതനം അനുവദിച്ചു.₹36000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-29
36	ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം	1-30
37	തനത് ഫണ്ട് ചെലവ് രേഖകൾ ലഭ്യമല്ല- ₹48000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-31
38	ജി ഐ എസ് മാപ്പിംഗ് പൂർത്തീകരണ വിവരം ലഭ്യമല്ല ₹977458യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-32
39	വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-33
40	ഡോക്യുമെന്റേഷൻ രേഖകൾ ലഭ്യമല്ല- ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-34
41	സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ -രേഖകൾ ലഭ്യമല്ല ₹121249 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-35
42	വാതക ശ്മശാനത്തിൽ കുഴൽ കിണർ നിർമ്മാണം - വിനിയോഗ വിവരം ലഭ്യമല്ല - ₹90000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-36
43	ഉപയോഗ ശൂന്യമായ കുടിവെള്ള ടാപ്പുകൾ നീക്കം ചെയ്യുന്നതിന് തുക കൈമാറൽ വിനിയോഗ വിവരം ലഭ്യമല്ല ₹1,59,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-37
44	തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -രേഖകൾ ലഭ്യമല്ല ₹306325 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-38
45	എസ് എസ് എ വിഹിതം അടക്കൽ ₹8,29,053 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-39
46	തെരുവ് നായ നിയന്ത്രണം - വിഹിതം കൈമാറൽ വിനിയോഗ വിവരം ലഭ്യമല്ല ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-40

47	മക്രേരി അമ്പലമെട്ട - ബാവോട് വയൽ റോഡ് റീടാറിങ് അപാകതകൾ	1-41
48	ബാലിക്കാവ് അരയാൽ തറ റോഡ് അറ്റകുറ്റപ്പണി അപാകതകൾ	1-42
49	എടവന കുടിവെള്ള പദ്ധതി അപാകതകൾ	1-43
50	മഞ്ചക്കുന്നു മഞ്ഞക്കാട്ടിൽ റോഡ് റീ ടാറിങ് അപാകതകൾ	1-44
51	കുളങ്ങരേത്ത് പറമ്പ് റോഡ് അറ്റകുറ്റപ്പണി - അപാകതകൾ	1-45
52	ജൽജീവൻ മിഷൻ പദ്ധതി - പഞ്ചായത്ത് തല അവലോകനം	1-46
53	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-47
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-5
6	വായ്പ/വായ്പാ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്	
4	ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ്	
5	ബാലൻസ് ഷീറ്റ്	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പെരളശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.05.2025 ലെ 57/2025 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 17.06.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
16.12.2025

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

1–1–1 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3315792 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-11781965 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതുമായി ബന്ധപ്പെട്ട ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-4 ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയത് കൃത്യമല്ല

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുകയായ ₹22875211 യഥാർത്ഥ മിച്ചതുകയായ ₹3008197 യുമായി പൊരുത്തപ്പെടുന്നില്ല. Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		177079178
ആകെ ചെലവ് (B)		164137474
മിച്ചതുക C= A-B		12941704
Prior Period Income I-19	91977	
Prior Period Expenditure I-18	10025484	
Net Difference Between Prior Period Income And Expenses I-19-I-18 (D)		-9933507
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) = C+D		3008197

യഥാർത്ഥ മിച്ച തുകയായ ₹3008197 യാണ് ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്.

1-1-5 ക്യാപ്പിറ്റൽ ചെലവുകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.

സി.എഫ്.സി. ഉൾപ്പെടെയുള്ള ക്യാപ്പിറ്റൽ ചെലവുകൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല.

1-1-6 ഐ.സി.ഡി.എസ്. നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

ഐ.സി.ഡി.എസ്. മുന്നിരിപ്പ് തുക = ₹4248947, RP-30 ഷെഡ്യൂൾ പ്രകാരം വരവ് = ₹2261468, ആകെ = ₹6510415. I-6 ഷെഡ്യൂൾ പ്രകാരം ചെലവ് = ₹2456620. ഇത് പ്രകാരമുള്ള നീക്കിയിരിപ്പ് തുക (₹4053795) B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി (₹4242277) പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 12.02.2024 തീയതിയിലെ 38/2024 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 28.02.2025ലെ 19/2025 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	14737320	28224464
വരവ്	225917646	257492055
ആകെ	240654966	285716519
ചെലവ്	231666804	269322801
നീക്കിയിരിപ്പ്	8988162	16393718

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹39057095

വരവ്	₹63410542
ആകെ	₹102467637
ചെലവ്	₹60094750
നീക്കിയിരിപ്പ്	₹42372887
വരവ് നഷ്ടം	-
ചെലവ് നഷ്ടം	-
തടസ്സപ്പെടുത്തിയ തുക	4988703

1-4 ഫണ്ട് വിനിയോഗം

ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ് പ്രകാരമുള്ള വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് (പൊതുവിഭാഗം)	0	19589000	19589000	19585807	3193
വികസന ഫണ്ട് (എസ് സി പി)	0	1324000	1324000	1169288	154712
മെയിന്റനൻസ് ഫണ്ട് (റോഡ്)	0	14862000	14862000	11230232	3631768
മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്)	0	2903000	2903000	2431041	471959
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക് – ബാങ്ക്	1003471	3591290	4594761	2560220 (#)	2034541
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക് – ട്രഷറി	0	43119	43119	43119	0
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ്	3030961	7232000	10262961	2427644	7835317
നാഷണൽ ഹെൽത്ത് മിഷൻ	200000	0	200000	0	200000
ടോട്ടൽ സാനിട്ടേഷൻ ക്യാമ്പയിൻ	267863	0	267863	180000	87863
ഐസിഡിഎസ്	4248947	2742980	6991927	2749650	4242277
എം പി ഫണ്ട്	15	0	15	15	0
ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ	898389	410589	1308978	443586	865392
ഹെൽത്ത് ഗ്രാന്റ്- കൺവേർഷൻ ഓഫ് പി എച്ച് സി ആന്റ് സബ്സെന്റർ ടു വെൽനെസ് സെന്റേർസ്	413063	730617	1143680	150097	993583
ഹെൽത്ത് ഗ്രാന്റ്- ബിൽഡിംഗ്	5610947	3963997	9574944	7560993	2013951
നിർമ്മൽ പുരസ്കാർ	96657	0	96657	0	96657
ശുചിത്വ മിഷൻ	379671	0	379671	0	379671
കേരളോൽസവം	5000	5000	10000	10000	0
കുടിവെള്ള പദ്ധതി	120000	0	120000	120000	0
റൂറൽ ഹൗസിംഗ്	740000	506112	1246112	566112	680000
ഗ്രാന്റ്സ്, കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസസ്- (വികസന ഫണ്ടും	33325	4740	38065	5342	32723

സംസ്ഥാന ഫണ്ടും അല്ലാത്തത്)					
ഗ്രാന്റ്സ്, ഫണ്ട് & കോൺട്രിബ്യൂഷൻ (മറ്റ് സർക്കാർ ഏജൻസികൾ)	0	4850	4850	4219	361
ഗ്രാന്റ്സ്, ഫണ്ട് & കോൺട്രിബ്യൂഷൻ (മറ്റ് ധനകാര്യ സ്ഥാപനങ്ങൾ)	42000	0	42000	0	42000
(#) ബാങ്ക് ചാർജ്ജായ ₹708 വരവിലും ചെലവിലും ഉൾപ്പെട്ടതിനാൽ CFC-Basic ചെലവ് തുക I-6 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.					

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
224	99336308	173	61484644	24	51	149	66.52

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	16	15	7346205	5232265	71.22
വെറ്റിനറി സർജ്ജൻ	7	7	718741	698172	97.14
മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	24	17	6159856	3375496	54.8
ഹെഡ് മാസ്റ്റർ	6	4	408140	105590	25.87
മെഡിക്കൽ ഓഫീസർ, ആയുർവേദം	4	4	704800	704800	100
ഫിഷറീസ് ഓഫീസർ	3	3	329500	329500	100
വി.ഇ.ഒ	24	21	21810978	11069611	50.75
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	23	20	10091582	8563823	84.86
സെക്രട്ടറി	39	29	11633487	6682613	57.44
അസിസ്റ്റന്റ് എഞ്ചിനീയർ	70	46	37502786	22792198	60.77
ഡയറി എക്സ്റ്റൻഷൻ	2	2	2040108	1460108	71.57

ഓഫീസർ					
അസിസ്റ്റന്റ് സെക്രട്ടറി	6	5	590125	470468	79.72
ആകെ	224	173	99336308	61484644	61.89

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	1000	1853719	1854719	1852966 +149 (ബാങ്ക് ചാർജ്ജ്) = 1853115	1604
തൊഴിലാളികളുടെ കൂലി (സാധന സാമഗ്രികൾ ഉൾപ്പെടെ)	0	20822847	20822847	20822847	0
ആകെ	1000	22676566	22677566	22675962	1604

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളിപെൻഷൻ	5053800	326
വിധവാപെൻഷൻ	16593800	1106
വാർദ്ധക്യ കാലപെൻഷൻ	37853800	2832
ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	4979200	330
50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4602800	299
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	180000	6

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2025 തീയതിയിൽ 11.45 AM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11256 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണ്ണയിച്ചു കൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ (2024-25 വർഷം) ആകെയുള്ള 18 വാർഡുകളിലും ജൂലൈ ഡിസംബർ, ജനവരി മാസങ്ങളിലായി മൂന്ന് തവണ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിൽ 2024-25 വർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിച്ച് സാധൂകരണം നൽകൽ, 2023-24 വാർഷിക പദ്ധതി അവലോകനം, വരവ് - ചെലവ് കണക്ക് അംഗീകരിക്കൽ, 2025-26 വർഷ പദ്ധതി ആസൂത്രണവും - കരട് പദ്ധതി അവതരണവും, മാലിന്യ മുക്ത നവകേരളം, സമ്പൂർണ്ണ ശുചിത്വ കാമ്പെയിൻ, ശുചിത്വ ഗ്രാമസഭ, 2025-26 വർഷ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തെഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ, ലേബർബജറ്റ് അംഗീകരിക്കൽ, 2022-23 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കൽ നെറ്റ് സീറോ കാർബൺ പദ്ധതി തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും ചർച്ച ചെയ്ത് തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1-11 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ ലൈസൻസ് എടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വിവിധ വ്യാപാര ആവശ്യങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുള്ള ചുവടെ ചേർത്ത വ്യക്തികൾ തൻവർഷം സ്ഥാപനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ ലൈസൻസ് എടുത്തിട്ടില്ല.

ക്രമ നമ്പർ	വ്യക്തിയുടെ പേര്	വാർഡ് നമ്പർ, കെട്ടിട നമ്പർ
1	ജനകീയ ഹോട്ടൽ	9/574
2	പാട്ടക്ക മോഹനൻ	9/628
3	ഹരിദാസൻ	9/630
4	സത്യവതി	9/626
5	കെ രമേശൻ	9/620 A
6	എൻ പി ഹുസൈൻ	9/576
7	ജോജൻ പി മാത്യു	8/15
8	അനൂജ് പി	8/14
9	രമ്യ എം	8/18 A
10	സപ്ലൈകോ	9/625
11	സുനിത ബീന	8/16
12	കാർഷിക കർമ്മ സേന	8/17
13	കെ കെ ശ്രീജൻ	9/577

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/16.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-12 നിശ്ചിത മാതൃകയിലുള്ള അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ പരിപാലിക്കുന്നില്ല

സഞ്ചയ/കെസ്മാർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തിൽ 39 അനധികൃത കെട്ടിടങ്ങളാണുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല. കെട്ടിടങ്ങളുടെ ചട്ടലംഘനവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (31/15.10.2025) മറുപടിയായി സർക്കാർ നിർദ്ദേശിച്ച മാതൃകയിൽ അനധികൃത നിർമാണ രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിർദ്ദിഷ്ട മാതൃകയിൽ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-13 പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ - അപാകങ്ങൾ

2023-24 വർഷത്തിലെ സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപങ്ങളുടെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2024-25 വർഷത്തെ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

ക്രമ നം.	സ്ഥാപന ഉടമ	സ്ഥാപനം
1	ജിഷ എം	മെഡിക്കൽ ലാബ്
2	മാനേജർ, എ കെ ജി സ്മാരക കോ ഓപ്പറേറ്റീവ് സൊസൈറ്റി	എ കെ ജി സ്മാരക കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ
3	സിദിത്ത് എ	മെഡിക്കൽ ലാബ്
4	വിനീത കെ വി	മെഡിക്കൽ ലാബ്
5	ഡോ ശ്രുതി ബി രാജ്	മെഡിക്കൽ ലാബ്
6	രസ്ന കെ	മെഡിക്കൽ ലാബ്
7	ഡോ ലുലു സൽവ എൻ	മെഡിക്കൽ ക്ലിനിക്
8	ഡോ. മായ	ഹോമിയോപ്പതി ക്ലിനിക്

മേൽ സ്ഥാപനങ്ങൾ 2024-25 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നവയാണോ എന്നും സ്വകാര്യ ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് പുതുക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (46/16.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-14 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2024-25 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത പല വ്യാപാരസ്ഥാപനങ്ങളിലെയും ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിരുന്നില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (50/16.10.2025) നൽകിയതിനെ തുടർന്ന് ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈസൻസ് രജിസ്റ്ററിലെ ക്രമ നം.	സ്ഥാപനത്തിന്റെ പേര്	അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം
197	ബ്രിട്ടീഷ് ബേക്കറി	7
354	ടേക്ക് എ ബ്രേക്ക് (വഴിയിടം)	6
494	ബോംബെ റസ്റ്റോറന്റ് & BFC	5
569	സ്പൈസി അറബിക് ഫാസ്റ്റ് ഫുഡ്	4

മേൽ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി പരിധിയിൽ വരുന്നവരാണോ എന്ന് പരിശോധിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-15 കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിനു ശേഷം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നില്ല

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം രണ്ട് നില വരെയുള്ള താമസകെട്ടിടങ്ങളും, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.51/16.10.2025) മറുപടിയായി ജി ഐ എസ് മാപ്പിംഗ് ചെയ്തത് പ്രകാരം ആയത് പരിശോധിച്ചും ബാക്കിയുള്ള കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തിയും നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്യുപൻസി ലഭ്യമായതിനുശേഷം പല നിയമലംഘനങ്ങളും നടക്കുന്നതിനുള്ള സാധ്യതകളുണ്ട്. പാർക്കിംഗിന് ലഭ്യമായ സ്ഥലം അടച്ചുകെട്ടി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക, കെട്ടിടത്തോട് അനുബന്ധിച്ച് പല കൂട്ടിച്ചേർക്കലുകളും വരുത്തുക തുടങ്ങിയ നിയമലംഘനങ്ങളും കണ്ടെത്തുന്നതിന് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് സഹായകരമാകും. ആയതിനാൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി ചട്ടലംഘനങ്ങൾ കണ്ടെത്തുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

1-16 സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നത് - സംബന്ധിച്ച്

05.04.2023 തീയതിയിലെ സ.ഉ.(പി)നം.25/2023/LSGD എസ്.ആർ.ഒ. നമ്പർ. 479/2023 എന്നീ വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും, കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (₹)	ഏറ്റവും കൂടിയ നിരക്ക് (₹)
സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോടു കൂടിയവ)	25	45

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് 07.09.2023 തീയതിയിലെ ജെ സി 3-6350/23 നമ്പർ പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് 25 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ റിപ്പോർട്ടുകളിൽ ഉൾപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര ടർഫുകൾ, സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്ന് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോയെന്നും ഇവയുടെ നിർമ്മാണം ക്രമവത്കരിച്ച് ഒക്യുപ്പൻസി അനുവദിച്ച് വസ്തു നികുതി ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/10.10.2025) മറുപടിയായി ഗ്രാമപഞ്ചായത്തിൽ 5, 14 വാർഡുകളിൽ നിലവിൽ ടർഫ് പ്രവർത്തിക്കുന്നുണ്ടെന്നും 9-ാം വാർഡിൽ പ്രവർത്തിക്കുന്ന 2 ജിംനേഷ്യങ്ങളെ വാണിജ്യ വിഭാഗത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സ്വിമ്മിംഗ് പൂളുകൾ പ്രവർത്തിക്കുന്നില്ലെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ടർഫുകളുടെ നിർമ്മാണം ക്രമവൽക്കരിച്ച് ഒക്യുപൻസി അനുവദിച്ച് വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-17 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു

02.03.2023ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ പ്രകാരം 01.04.2023 പ്രാബല്യത്തിൽ നിലവിലുള്ള

നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെയും 9 ബി ഫോറം ലഭിച്ചതിന്റെയും അടിസ്ഥാനത്തിൽ അധിക നിർമ്മാണം നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന കാലം മുതലും നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/09.10.2025) മറുപടിയായി നിലവിൽ ജി.ഐ.എസ് മാപ്പിംഗ് നടപ്പിലാക്കിയിട്ടുണ്ടെന്നും ആയത് പൂർത്തിയായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 2, 3, 4, 5, 6, 7, 8, 9, 10, 11, 12 ,14, 17, 18 വാർഡുകളിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സർവേ കഴിഞ്ഞെന്നും വെരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുമെന്നതിനാൽ വസ്തു നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 അധിക നിർമ്മാണം നടത്തുന്നതിന് (എക്സ്റ്റൻഷൻ) പെർമിറ്റ് നൽകിയ Existing Building-കളുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിസ്തീർണവും അപേക്ഷകൻ സമർപ്പിച്ച സൈറ്റ് പ്ലാനിലെ വിസ്തീർണവും പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കെട്ടിടത്തോടൊപ്പം അധിക നിർമ്മാണം നടത്തുന്നതിന് (എക്സ്റ്റൻഷൻ) പെർമിറ്റ് നൽകിയ ഫയലുകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള Existing Building-കളുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിസ്തീർണവും അപേക്ഷകൻ സമർപ്പിച്ച സൈറ്റ് പ്ലാനിലെ/ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ പെർമിറ്റിലെ Existing Building ന്റെ വിസ്തീർണവും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ	അപേക്ഷകൻ	പെർമിറ്റ് നമ്പർ/ തീയതി	Existing Building വിവരങ്ങൾ			
			നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ	സഞ്ചയ പ്രകാരമുള്ള വിസ്തീർണം (ച.മീ)	അപേക്ഷ പ്രകാരമുള്ള വിസ്തീർണം (ച.മീ)	ഉപയോഗ ക്രമം
2904/2024	പ്രശാന്ത് ചെരമ്പേത്ത്	SC3-BA (238841)/2024 Dtd 17.07.2024	15/30B	407.18	464	പാർപ്പിടം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/16.10.2025) മറുപടിയായി കെട്ടിട നമ്പർ അനുവദിച്ച ശേഷം പെർമിറ്റ് എടുക്കാതെ കൂടുതൽ നിർമാണം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഏരിയ റെഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അപേക്ഷ ലഭ്യമായ ശേഷം കെട്ടിടം റെഗുലറൈസ് ചെയ്ത് നികുതി പുനർനിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-19 വാടക-അപാകങ്ങൾ

1) പെരളശ്ശേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ മിനി വ്യവസായ എസ്റ്റേറ്റിലെ 8/16 നമ്പർ കെട്ടിടം വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുകയാണ്. പ്രസ്തുത മുറി വാടകയ്ക്ക് നൽകുന്നതിന് 26.04.2025 തീയതിയിൽ ലേലവും 12.06.2025, 17.06.2025 തീയതികളിൽ പുനർലേലവും നടത്തിയെങ്കിലും ആരും പങ്കെടുത്തില്ലെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/16.10.2025) മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത മുറി വാടകയ്ക്ക് നൽകുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനായുള്ള ബൈലോയിലെ ക്രമ നമ്പർ 23 വ്യവസ്ഥ പ്രകാരം മുറി ലേലം

കൊണ്ടയാൾ യാതൊരു കാരണവശാലും മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. എന്നാൽ 9/624 നമ്പർ മുറി വാടകയ്ക്ക് അനുവദിച്ചിരിക്കുന്നത് എം പത്മിനി എന്നവർക്കും പ്രസ്തുത മുറി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട ലൈസൻസ് എടുത്തിരിക്കുന്നത് പാട്ടക്ക മോഹനൻ എന്ന വ്യക്തിയുമാണ് (ലൈസൻസ് രജിസ്റ്റർ ക്രമ നം.19). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (49/16.10.2025) മറുപടിയായി എം പത്മിനി എന്നവർക്ക് വാടകയ്ക്ക് നൽകിയ മുറി ഉപയോഗിക്കുന്നതിന് പാട്ടക്ക മോഹനന് മുൻ വർഷങ്ങളിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത് ഈ വർഷം പുതുക്കി നൽകുകയാണ് ചെയ്തതെന്നും ആയതിനാൽ പ്രസ്തുത ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും അറിയിച്ചിട്ടുണ്ട്. മുറി കൈമാറ്റം ചെയ്തതിന് എം പത്മിനി എന്നവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. നോട്ടീസിനുള്ള മറുപടി പരിശോധിച്ച ശേഷം വാടക ബൈലോയിലെ ക്രമനമ്പർ 23 വ്യവസ്ഥകൾ പ്രകാരം പാട്ടക്ക മോഹനന് അനുവദിച്ചിട്ടുള്ള ലൈസൻസ് റദ്ദ് ചെയ്യുന്നതും പ്രസ്തുത കെട്ടിടം ഉപയോഗിക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്ന വ്യക്തികളെ ഒഴിപ്പിക്കുന്നതും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 കാരണം രേഖപ്പെടുത്താതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ.(എം.എസ്)നം.358/15/ത.സ്വ.ഭ.വ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ പാർപ്പിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മീ. യിൽ കൂടുതൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയതിന്റെ കാരണം സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുമില്ല.

ക്രമ നമ്പർ	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ)	ഉടമസ്ഥന്റെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം
1	3/106 A	103.72 ച മീ	തുരുത്തി രതീദേവി	നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ
2	3/166	120 ച മീ	കാച്ചിപ്രത്ത് സുരേശൻ	
3	3/269	72 ച മീ	തെക്കേ വീട്ടിൽ ദിലീപൻ	
4	5/561	100 ച മീ	ചന്ദ്രമ്പേത്ത് യൂസഫ്	
5	10/410	70 ച മീ	എറക്കോടൻ സുഗുണൻ	പാർപ്പിടാവശ്യം

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്/ഇളവ് നൽകിയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തി ആവശ്യമെങ്കിൽ നികുതി പുനർ നിശ്ചയിക്കേണ്ടതാണ്. കൂടാതെ വസ്തുനികുതിയിൽ നിന്ന് കെട്ടിടങ്ങളെ ഒഴിവാക്കുന്നതിന്റെ കാരണം സഞ്ചയയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-21 തൊഴിൽ നികുതി-പിഴ ഇനത്തിൽ കുറവ് തുക ഈടാക്കി

സർക്കാരിന്റെ 28.03.2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01.04.2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01.04.2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.08.2000 തീയതിയിലെ 51457/എൻ.1 നമ്പർ സർക്കുലർ

പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്റ്റംബർ 30 നകം അടയ്ക്കാതിരുന്നാൽ നികുതിയിനത്തിലെ പിഴ പലിശ നൽകേണ്ടിവരുന്ന തീയതി സെപ്തംബർ ഒന്നു മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് 2% നിരക്കിൽ പിഴ പലിശ വർധിപ്പിച്ചിട്ടുണ്ടെങ്കിലും ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സപ്തംബർ മാസത്തിന് ശേഷം അടവാക്കിയപ്പോൾ പിഴ കണക്കാക്കിയത് ഒക്ടോബർ മാസം മുതലാണ്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി/ രസീത് നമ്പർ	ഈടാക്കിയ പിഴ	ഈടാക്കേണ്ട പിഴ	പിഴയിനത്തിലെ കുറവ്
പെരളശ്ശേരി ക്ഷീരോൽപാദക സഹകരണ സംഘം	₹4200 1240104157/02.11.2024	126	252	126
പൊതുവാച്ചേരി കള്ള് ഷാപ്പ്	₹1350 1241201542/18.03.2025	-	189	189
ശ്രീ മക്രേരി ദേവസ്വം	₹3750 1240102870/03.10.2024	75	150	75

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി പിഴയിനത്തിൽ കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-22 കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിശ്ചയിച്ചു - നികുതി നഷ്ടം

സ.ഉ(അച്ചടി)നം.25/2023/ത.സ്വ.ഭ.വ, 05.04.2023, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 4 വ്യത്യസ്ത കെട്ടിട ഉപവിഭാഗങ്ങളുടെ വിവരവും അവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കും താഴെ കൊടുക്കുന്നു.

പട്ടിക

ക്രമ നമ്പർ	കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം	ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ)	ഏറ്റവും കൂടിയ നിരക്ക് (രൂപ)
1	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ	6	10
2	സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ	8	12
3	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് വരെയുള്ളവ	40	70
4	ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ-300 ച.മീറ്ററിന് മുകളിലുള്ളവ	55	75

മേൽ വിജ്ഞാപനത്തിന്റെ ഭാഗമായി പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ജെ സി 3-6350/23 തീ. 07.09.2023 അന്തിമ വിജ്ഞാപനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1, 2, 3, 4 എന്നീ കെട്ടിട വിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6, 8, 40, 55 എന്നിങ്ങനെയാണ്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങളെ തെറ്റായ ഉപവിഭാഗങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉടമസ്ഥന്റെ പേരും വിലാസവും	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)	അസ്സസ്സ്മെന്റ് രജിസ്റ്റർ/ സഞ്ചയ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം	അസ്സസ്സ്മെന്റ് രജിസ്റ്റർ/ സഞ്ചയ സോഫ്റ്റ്‌വെയർ അപ്ലിക്കേഷനിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം	കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക്	കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക്
1	പടിഞ്ഞാറേ കൊയ്യോടൻ ഉഷ വത്സൻ	2/40	346.36	മേൽപട്ടികയിലെ ക്രമ നമ്പർ 1	മേൽപട്ടികയിലെ ക്രമ നമ്പർ 2	6	8
2	തെക്കൻ ധനേശൻ	7/397 A	307.6	മേൽപട്ടികയിലെ ക്രമ നമ്പർ 1	മേൽപട്ടികയിലെ ക്രമ നമ്പർ 2	6	8
3	കോറോത്ത് ഷൗക്കത്തലി	15/98 D	329.16	മേൽപട്ടികയിലെ ക്രമ നമ്പർ 1	മേൽപട്ടികയിലെ ക്രമ നമ്പർ 2	6	8

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (46/16.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച കെട്ടിടങ്ങളിൽ നിന്ന് പുതിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-23 മരണശേഷവും പെൻഷൻ തുക അനുവദിച്ചു.

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷ കാലത്ത് ഈ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

പട്ടിക I

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾ

ക്രമ നമ്പർ	പേര്	പെൻഷൻ ഐ ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	റിമാർക്സ്
1	അബ്ദുൾ ലത്തീഫ്	111440202535	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	20.01.2025	പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 09/2024, 10/2024 മാസങ്ങളിലെ പെൻഷൻ തുക (1600+1600=3200) ടിയാന്റെ മരണശേഷമാണ് (23.01.2025 ന്) ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്.
2	ജാനകി കെ വി	111440202386	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	09.12.2024	പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 08/2024 ലെ പെൻഷൻ തുക (600) ടിയാളുടെ മരണശേഷമാണ് (21.12.2024 ന്) ബാങ്ക് അക്കൗണ്ടിൽ നിക്ഷേപി

					ച്ചിട്ടുള്ളത്.

പട്ടിക II

പെരളശ്ശേരി ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ

ക്രമ നമ്പർ	പേര്	പെൻഷൻ ഐ ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	തദ്ദേശ സ്വയംഭരണ സ്ഥാപനം	റിമാർക്സ്
1	മീനാക്ഷി കെ പി	111400600719	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ	03.12.2024	മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത്.	പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡഡ് ആണ്. 2025 ജൂലൈ മാസം വരെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം സർക്കാർ അനുവദിക്കുന്ന പെൻഷൻ/കുടിശ്ശിക തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് 22.11.2024 ലെ 65/2024/ധന. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.48/16.10.2025) മറുപടിയായി പട്ടിക ഒന്നിൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് മരണശേഷം അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പട്ടിക II ൽ പരാമർശിച്ച ഗുണഭോക്താവിന്റെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ധനകാര്യ (എസ് എഫ് ബി - ബി) വകുപ്പിന്റെ സർക്കുലർ നം. 63/2021/ധന. തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാരിന്റെ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്കു മുൻപ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് സമയബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ പട്ടിക III ൽ പരാമർശിച്ച ഗുണഭോക്താവിന്റെ ക്ഷേമപെൻഷൻ തിരിച്ചടവ് സംബന്ധിച്ച് തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-24 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല- ₹444395 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം	
പ്രോജക്ടിന്റെ നമ്പരും പേരും	114/2025, സാന്ത്വന പരിചരണം (സ്പിൽ ഓവർ)	115/2025, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മരുന്ന് വാങ്ങൽ (സ്പിൽ ഓവർ)

അടങ്കൽ	₹281217 വികസന ഫണ്ട് (പൊതു വിഭാഗം) ₹30920 തനത് ഫണ്ട് ₹53133 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹101096 ജില്ലാ പഞ്ചായത്ത് വിഹിതം ആകെ: ₹466423	₹389825 വികസന ഫണ്ട്(പൊതു വിഭാഗം)
ചെലവ്	₹212007 വികസന ഫണ്ട് (പൊതു വിഭാഗം)	₹241038
തുക, ബിൽ നമ്പർ & തീയതി	₹42,910,14/09.05.2024 ₹52,080,15/09.05.2024 ₹13,897,16/09.05.2024 ₹18,390,17/09.05.2024 ₹52,080,18/09.05.2024 ₹24,000,19/09.05.2024 ₹6,900,210/19.12.2024 ₹1,750,211/19.12.2024	₹58,912,10/09.05.2024 ₹94,308,11/09.05.2024 ₹79,426,12/09.05.2024 ₹8,392,13/09.05.2024

1. 2023-24 വർഷത്തെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിയ വകയിൽ പ്രൊജക്ട് നം.114/2025 പ്രകാരം ₹212007 ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 19.12.2024 ലെ ബിൽ നം.210, 211 പ്രകാരമുള്ള ₹8650 യുടെ ട്രഷറി ബില്ലും ചെലവ് രേഖകളും മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ശേഷിക്കുന്ന ₹203357 യുടെ ബില്ലും ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.58/16.10.2025) മറുപടിയായി ₹3193 യുടെ ബില്ലും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ടതല്ല. സാന്ത്വന പരിചരണം (സ്പിൽ ഓവർ) പ്രൊജക്ടിനായി ചെലവഴിച്ച ₹203357 യുടെ (09.05.2024 ലെ ബിൽ നം.14 മുതൽ 19 വരെ) ട്രഷറി ബില്ലും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്
2. പ്രൊജക്ട് നം.115/2025 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ മരുന്ന് വാങ്ങുന്നതിനായി ₹241038 ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ട്രഷറി ബില്ലും ചെലവ് രേഖകളും ലഭ്യമാക്കുന്നതിനായി 15.10.2025 ലെ 38-ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിനു ശേഷവും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹241038 യുടെ ട്രഷറി ബില്ലും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
രേഖകളുടെ അഭാവത്തിൽ മേൽ പ്രൊജക്ടുകളിൽ ചെലവഴിച്ച ₹444395 (₹203357+₹241038) തടസ്സത്തിൽ വെക്കുന്നു.

1-25 ഫർണ്ണിച്ചർ ലഭ്യമായില്ല - ₹63186 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം	
പ്രോജക്ടിന്റെ നമ്പരും പേരും	33/25, പി.എച്ച്.സിയിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ	185/25, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (സ്പിൽ ഓവർ)
അടങ്കൽ	₹40000 വികസന ഫണ്ട് (പൊതുവിഭാഗം)	₹375671 (ഹെൽത്ത് ഗ്രാന്റ്)
ചെലവ്	₹39746	₹131631
തുക, ബിൽ നമ്പർ & തീയതി	₹26412, 190/12.12.2024 ₹13334, 436/23.03.2025	₹60000, ബിൽ നം.95/31.08.2024 ₹36774, ബിൽ നം.97/31.08.2024 ₹3929, ബിൽ നം.102/04.09.2024 ₹24970, ബിൽ നം.378/14.03.2025 ₹5958, ബിൽ നം.483/26.03.2025

പ്രൊജക്ട് നം. 33/25 ന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പെരളശ്ശേരി പി.എച്ച്.സി യുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഫർണ്ണിച്ചർ വാങ്ങുന്നതിനായി ബിൽ നം. 190/12.12.2024 പ്രകാരം കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ₹26412 അനുവദിച്ചിട്ടുണ്ട് (പ്രൊഫോർമ ഇൻവോയ്സ് നം.RUB/P1/HO/FUR/24-25/011

തീയതി.11.12.2024). എന്നാൽ നാളിതുവരെ ഫർണ്ണിച്ചർ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ 15.10.2025 ലെ 37ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിനു മറുപടിയായി ഫർണ്ണിച്ചർ ലഭിക്കുന്നതിനായി വിതരണ ഉത്തരവ്(339/2024,തീയതി. 06.02.2025) നൽകിയിട്ടുണ്ടെന്നും ഫർണ്ണിച്ചർ ലഭ്യമായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

പ്രൊജക്ട് നം. 185/25 ന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സ്റ്റീൽ ക്യാബിനെറ്റ് വാങ്ങുന്നതിനായി ബിൽ നം. 97/31.08.2024 പ്രകാരം സിഡ്കോയ്ക്ക് ₹36774 അനുവദിച്ചിട്ടുണ്ട് (പ്രൊഫോർമ ഇൻവോയ്സ് നം.SSEKNR/PI/23-24/521 തീയതി 07.11.2023). ക്യാബിനെറ്റ് ലഭ്യമായിട്ടുണ്ടോ എന്ന വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16.10.2025 ലെ 59-ാം നമ്പർ ഓഡിറ്റ് അന്വേഷണം) മറുപടിയായി സ്റ്റീൽ ക്യാബിനെറ്റുകൾ ലഭ്യമായിട്ടുണ്ടെന്നും ഉപകേന്ദ്രങ്ങളിൽ വിതരണം ചെയ്തിട്ടുണ്ടെന്നും ആയത് സ്ഥാപനത്തിലെ ഫർണ്ണിച്ചർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ സ്റ്റീൽ ക്യാബിനെറ്റ് ലഭ്യമായിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തത ഇല്ല. കൂടാതെ ഫർണ്ണിച്ചർ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂറായാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ തുക മുൻകൂർ അനുവദിക്കാവുന്ന സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നവയല്ല. ഈ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക അനുവദിക്കാവുന്ന ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. ഫർണ്ണിച്ചർ ലഭ്യമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കും വരെ ചെലവു തുക ₹63186 (26412+36774) തടസ്സത്തിൽ വെക്കുന്നു.

1-26 നെൽക്കൃഷി വികസനം രേഖകൾ ലഭ്യമല്ല ₹431486 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	58/25, നെൽക്കൃഷി വികസനം
അടങ്കൽ	₹385474 (വികസന ഫണ്ട്) ₹220000 (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) ₹795000 മറ്റുള്ളവ ആകെ: ₹1400474
ചെലവ്	₹320170 (വികസന ഫണ്ട്) ₹213376 (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) ₹632365 (മറ്റുള്ളവ) ആകെ: ₹1165911
ബിൽ നമ്പർ & തീയതി (എ.സി.ആർ. പ്രകാരം)	വികസന ഫണ്ട് 248/14.01.2025 ₹102060 462/25.03.2025 ₹73986 468/25.03.2025 ₹144124 ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് 668/25.03.2025 ₹67260 469/25.03.2025 ₹146116

നെൽക്കൃഷി വികസനം എന്ന പ്രൊജക്ട് പ്രകാരം നെൽക്കൃഷി വികസനത്തിനായി സൗജന്യമായി വിത്ത് വിതരണവും കൂലിച്ചെലവിനത്തിൽ സബ്സിഡി നൽകാനുമാണ് പദ്ധതി ലക്ഷ്യമിട്ടത്. ആയത് പ്രകാരം ₹102060 യ്ക്ക് വിത്തുകളും ₹431486 കൂലിച്ചെലവ് സബ്സിഡിയും നൽകിയിട്ടുണ്ട്. ചെലവിനത്തിലെ ₹632365 ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ചതാണ്. പ്രൊജക്ട് നടത്തിപ്പിൽ KSSDA യിൽ നിന്നും 1440 കിഗ്രാം നെൽ വിത്തുകൾ ₹42 നിരക്കിൽ ₹60480 യ്ക്കും 990 കി.ഗ്രാം നെൽവിത്തുകൾ ₹42 നിരക്കിൽ ₹41580 യ്ക്കും ചേർത്ത് ₹102060 യ്ക്ക് വിത്തുകൾ വാങ്ങി 6 പാടശേഖര സമിതികൾക്ക് (80 ഗുണഭോക്താക്കൾക്ക്) വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ബില്ലുകളിലായി കൂലിച്ചെലവിനത്തിൽ ₹431486 സബ്സിഡിയും നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം, വികസന ഫണ്ട് ഉൾപ്പെടെ ആകെ ₹533546 യുടെ ചെലവുള്ളതിൽ വികസന ഫണ്ടിൽ കൂലിച്ചെലവിനത്തിൽ ബിൽ നമ്പർ 468/25.03.2025 പ്രകാരം ചെലവഴിച്ച ₹144124 യുടെ ട്രഷറി ബിൽ, അനുബന്ധ ചെലവ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂലി ചെലവിനത്തിൽ ₹431486 നൽകാൻ ആധാരമാക്കിയ കർഷകരുടെ അപേക്ഷ, ചെലവ് രേഖകൾ എന്നിവ ബില്ലുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/15.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ കൂലിചെലവിനത്തിലെ

₹431486 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 മട്ടുപ്പാവ് ചട്ടിക്കൃഷി -രേഖകൾ ലഭ്യമല്ല ₹1307551 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	107/24, മട്ടുപ്പാവ് ചട്ടിക്കൃഷി (സ്പിൽ ഓവർ)	51/24, മട്ടുപ്പാവ് ചട്ടിക്കൃഷി
അടങ്കൽ ₹	₹999000 – വികസന ഫണ്ട്, (ജനറൽ)	₹1499850- വികസന ഫണ്ട്, ജനറൽ ₹499950 (മറ്റുള്ളവ) ₹1999800
ചെലവ്, ബിൽ നമ്പർ/ തീയതി	₹525000, 4/09.05.2024 ₹300000, 5/09.05.2024 ₹135000, 220/26.12.2024 ₹39000, 221/26.12.2024 ആകെ: ₹999000	₹231413 477/25.03.2025 ₹77138 693/28.03.2025 ആകെ: 308551

മട്ടുപ്പാവ് ചട്ടിക്കൃഷി (സ്പിൽ ഓവർ) പ്രൊജക്ട് പ്രകാരം കാർഷിക കർമ്മസേന-കൃഷി ഭവൻ, പെരളശ്ശേരിയിൽ നിന്നും താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 6660 ചട്ടികൾ വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ	ചട്ടികളുടെ എണ്ണം	ബിൽ തുക ₹
53/06.03.2024	3500	700000
54/11.03.2024	2000	400000
57/തീയതി ഇല്ല	900	180000
58/22.03.2024	260	52000
ആകെ	6660	1332000

ആകെ 6660 ചട്ടികൾ ₹1332000 യ്ക്ക് വാങ്ങിയിട്ടുണ്ട്. ആയതിന്റെ സബ്സിഡി ഇനത്തിലുള്ള 75% തുകയാണ് തൻവർഷം നൽകിയത്. ചട്ടികളുടെ വിതരണ രജിസ്റ്റർ പ്രകാരം 1130 ഗുണഭോക്താക്കളുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. ലിസ്റ്റിൽ ഗുണഭോക്താക്കൾ ഒപ്പ് വെച്ചിട്ടില്ല. 6660 ചട്ടികൾ വിതരണം ചെയ്തതിന്റെ കൃത്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മട്ടുപ്പാവ് ചട്ടിക്കൃഷി തൻവർഷ പ്രൊജക്ടിൽ ശന്തനു ഗ്രൂപ്പ് കോഴിക്കോട് നിന്നും ഇൻവോയ്സ് നമ്പർ 24-25/47 Dt. 24.03.2025 പ്രകാരം ₹165 നിരക്കിൽ 1870 ചട്ടികൾ വാങ്ങിയിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും മൺചട്ടികൾ വാങ്ങുമ്പോൾ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ടാണോ പർച്ചേസ് നടത്തിയത് എന്ന് വ്യക്തമല്ല. ആയതിന്റെ ടെണ്ടർ നടപടി ക്രമങ്ങൾ വ്യക്തമാക്കുന്ന രേഖകൾ, ടെണ്ടർ അംഗീകരിച്ച ഭരണസമിതി/പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിതരണ രജിസ്റ്റർ പ്രകാരം ₹1650 വില വരുന്ന 10 ചട്ടികൾ 227 ഗുണഭോക്താക്കൾക്ക് നല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 1870ചട്ടികൾ വാങ്ങിയത് 227 ഗുണഭോക്താക്കൾക്ക് 10 എണ്ണം വീതം നൽകിയതിന്റെ കൃത്യത വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 40/15.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രൊജക്ടുകളിലെ ചെലവ് തുക ₹1307551 (308551 +999000) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 പത്താമുദയം-തുടർപ്രവർത്തന വിവരം അറിയിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ
പ്രൊജക്ട് നമ്പർ, പേര്	97/25, പത്താമുദയം
അടങ്കൽ	₹200000, തനത് ഫണ്ട്
ചെലവ്	₹21450, വൗച്ചർ നമ്പർ 22401281/11.03.2025

പത്താംതരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷ ഫീസ് എന്നീ ഇനങ്ങളിലായി 11 പഠിതാക്കളുടെ ഫീസിനത്തിൽ ഒരു പഠിതാവിന് ₹1950 എന്ന നിരക്കിൽ ₹21450 കേരള സംസ്ഥാന സാക്ഷരത മിഷന്റെ SBI

അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 5702696123) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പഠിതാക്കൾക്ക് ക്ലാസുകൾ ലഭ്യമാക്കിയതിന്റെയും കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെയും എത്ര പേർ വിജയിച്ചു എന്നതിന്റെയും വിവരം ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/14.10.2025) പദ്ധതിയുമായി ബന്ധപ്പെട്ട തുല്യത പരീക്ഷ 08.11.2025 മുതലാണ് ആരംഭിക്കുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-29 വിദ്യാർത്ഥികൾക്ക് ഫുട്ബോൾ,കരാട്ടെ പരിശീലനം -പരിശീലകർക്ക് അധികം വേതനം അനുവദിച്ചു.₹36000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ് മാസ്റ്റർ	
പ്രോജക്ട് നമ്പർ പേര്	229/25 കുട്ടികൾക്ക് കരാട്ടെ പരിശീലനം	98/25 വിദ്യാർത്ഥികൾക്ക് കായിക പരിശീലനം
അടങ്കൽ	₹50000 (വികസന ഫണ്ട്)	₹36140 വികസനഫണ്ട് (പൊതു വിഭാഗം)
ചെലവ്	₹36000	₹36140
ബിൽ നമ്പർ & തീയതി	358/11.03.2025	₹18140, ബിൽ നം.334/06.03.2025, ₹18000, ബിൽ നം. 333/06.03.2025,

പ്രൊജക്ട് നം. 229/2025 ന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 06.02.2025 മുതൽ 30 ദിവസങ്ങളിലായി 31 കുട്ടികൾക്ക് കരാട്ടെ പരിശീലനം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിന് ₹18000 യും പരിശീലകന് ₹18000 യും കൂടി ആകെ ₹36000 യാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. സ.ഉ.(സാധാ)നം. 1528/2023 LSGD തീ. 26.07.2023 പ്രകാരം അഞ്ചാം ക്ലാസ് മുതലുള്ള സ്കൂൾ വിദ്യാർഥികൾക്ക് ജൂഡോ, കരാട്ടെ, യോഗ, ജിംനാസ്റ്റിക്സ്, നീന്തൽ ഉൾപ്പെടെയുള്ള ഇനങ്ങളിൽ നിയമിക്കുന്ന പരിശീലകരുടെ യോഗ്യത, വേതനം എന്നിവ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് കരാട്ടെ അധ്യാപകന് ഒരു ദിവസത്തേയ്ക്ക് ഒരു മണിക്കൂർ വീതമുള്ള ഒരു സെഷന് ₹400 വീതം പ്രതിമാസം ₹12000 യാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ മേൽ ബിൽ പ്രകാരം ദിവസം ₹600 നിരക്കിൽ 30 ദിവസത്തേക്ക് ₹18000 പരിശീലകന് അനുവദിച്ചിട്ടുണ്ട്. വേതനം അനുവദിച്ചതിന് മേൽ നിരക്കിൽ തയ്യാറാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/14.10.2025) ഒരു ദിവസം ഒരു മണിക്കൂറിനു ₹400 നിരക്കിൽ ഒന്നര മണിക്കൂർ പരിശീലനം നൽകിയതിനാണ് വേതനം നൽകിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

പ്രൊജക്ട് നം. 98/2025 ന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് 03.01.2025 മുതൽ 30 ദിവസങ്ങളിലായി 31 കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ലഘുഭക്ഷണം നൽകുന്നതിന് ₹18140 യും പരിശീലകന് ₹18000 യും കൂടി ആകെ ₹36140 യാണ് പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. സ.ഉ.(സാധാ)നം.1528/ 2023/LSGD തീ. 26.07.2023 പ്രകാരം അഞ്ചാം ക്ലാസ് മുതലുള്ള സ്കൂൾ വിദ്യാർത്ഥികളുടെ പരിശീലനത്തിനായി നിയമിക്കുന്ന കായികാധ്യാപകർക്ക് ഒരു ദിവസത്തേക്ക് ഒരു മണിക്കൂർ വീതമുള്ള സെഷന് ₹500 പ്രകാരം പ്രതിമാസം ₹15000 യാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ 06.03.2025 തീയതിയിലെ 333/06.03.2025 നം. ബിൽ പ്രകാരം ദിവസം ₹600 നിരക്കിൽ 30 ദിവസത്തേക്ക് ₹18000 പരിശീലകന് അനുവദിച്ചിട്ടുണ്ട്. വേതനം അനുവദിച്ചതിന് മേൽ നിരക്കിൽ തയ്യാറാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/14.10.2025) ഒരു ദിവസം ഒരു മണിക്കൂറിനു ₹400 നിരക്കിൽ ഒന്നര മണിക്കൂർ പരിശീലനം നൽകിയതിനാണ് വേതനം നൽകിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ തുകയിൽ അധികമായി വേതനം നൽകിയതിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ പരിശീലകർക്ക് വേതനം നൽകിയ ചെലവ് തുക ₹36000 (18000 +18000) തടസ്സപ്പെടുത്തുന്നു.

1-30 ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം

പെരളശ്ശേരി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട താഴെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് വീടുനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിലും സ്റ്റേജ് റിപ്പോർട്ട് ലഭ്യമാക്കി തുടർധനസഹായം അനുവദിച്ചിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ മുൻകൂർ തുക (₹)	നിർമ്മാണ ഘട്ടം	ലഭിച്ച തുക(₹)
1	സത്യൻ പി.പി.	40,000/15-03-2021	തറ	200000
2	ധനലക്ഷ്മി കെ	40,000/15-03-2021	അഡ്വാൻസ്	40000
3	രമ്യ പി.	40,000/29-01-2022	ലിന്റൽ	214610
4	സുമ ആർ	40,000/29.01.2022	അഡ്വാൻസ്	40000
5	പാത്തുട്ടി ടി.പി	40,000/25.12.2022	അഡ്വാൻസ്	40000
6	മലോൽ ജാനു	40,000/08.02.2024	തറ	200000

മേൽ ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 26/14.10.202) മറുപടിയായി സാമ്പത്തിക ബുദ്ധിമുട്ടുകളും വ്യക്തിപരമായ കാരണങ്ങളും കൊണ്ടാണ് ഭവന നിർമ്മാണം പൂർത്തിയാകാത്തതിനു കാലതാമസം നേരിടുന്നത് എന്നും പ്രവൃത്തി പുനരാരംഭിക്കാനുള്ള നിർദ്ദേശം രജിസ്റ്റേർഡ് കത്ത് മുഖേന നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള തുടർനടപടികൾ കൈക്കൊള്ളേണ്ടതാണ്.

1-31 തനത് ഫണ്ട് ചെലവ് രേഖകൾ ലഭ്യമല്ല- ₹48000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ: 22401402 തീയതി 26.03.2025, ₹24000

സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് പ്രഖ്യാപനവുമായി ബന്ധപ്പെട്ട് വെള്ളച്ചാൽ, കോട്ടം, ചെറുമാവിലായി ടൗണുകളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കുന്നതിനായി റെയിഡ്കോവിൽ നിന്നും 27.01.2025ലെ ഇൻവോയ്സ് നമ്പർ KNR/3024/2024-2025 പ്രകാരം ₹24000യ്ക്ക് 20 വേസ്റ്റ് ബിന്നുകൾ വാങ്ങിയിട്ടുണ്ട്. വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

വൗച്ചർ നമ്പർ: 22400358 തീയതി 31.08.2024, ₹24000

പൊതുമരാമത്ത് റോഡിൽ അപകടാവസ്ഥയിൽ ആയ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ഷിജിൻ പി വി എന്നവർക്ക് നൽകിയ തുക, മുറിച്ച മാറ്റിയ മരങ്ങൾ ലേലം ചെയ്തതിന്റെ വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 53/16.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ആകെ ₹48000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 ജി ഐ എസ് മാപ്പിംഗ് പൂർത്തീകരണ വിവരം ലഭ്യമല്ല ₹977458യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

19.02.2016 തീയതിയിലെ സർക്കാർ ഉത്തരവ് 687/2016/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ജി.ഐ.എസ് മാപ്പിംഗ് നടത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. സ്ഥാപനം 16.11.2021 ലെ PR/ULTS/GIS/2021-22/1225A നമ്പർ പ്രൊപ്പോസൽ പ്രകാരം ഒന്നാം ഘട്ട മാപ്പിംഗ് നടത്തി രണ്ടാം ഘട്ട മാപ്പിംഗ് നടത്തുന്നതിനാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ആസൂത്രണ പ്രക്രിയകൾക്ക് ആവശ്യമായ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുക ഗ്രാമപഞ്ചായത്ത് തല വിവരങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും ആയതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	179/25 ,ജി ഐ എസ് മാപ്പിംഗ് ഫേസ്-03	109/25, ഇന്റലിജന്റ് പഞ്ചായത്ത് ജി.ഐ.എസ് മാപ്പിംഗ് ഫേസ് – 02

അടങ്കൽ	₹600000 (വികസന ഫണ്ട്-ജനറൽ) ₹100000 (തനത് ഫണ്ട്) ആകെ: ₹700000	₹507330 വികസന ഫണ്ട്-ജനറൽ ₹70200 (തനത് ഫണ്ട്) ആകെ: ₹577458
ചെലവ്	₹600000 (വികസന ഫണ്ട്-ജനറൽ)	₹377458 (വികസന ഫണ്ട്-ജനറൽ)
ബിൽ നമ്പർ, തീയതി, തുക	487/04-02-2025 ₹67710 550/10-03-2025 ₹52277 592/17-03-2025 ₹259600 629/23-03-2025 ₹220413	252/09-05-2024 ₹312558 233/09-05-2024 ₹11106 231/09-05-2024 ₹53794

ജി ഐ എസ് മാപ്പിംഗ് ഫേസ്-2 പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 05/09/2023 ന് ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. Property & Household Survey And Commissioning എന്നിവ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ്പ്രകാരം 3908 എണ്ണം പ്രോപ്പർട്ടി സർവ്വേക്കായി ₹507258 യാണ് കരാറിൽ – അനക്സർ സി യിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ 1000 പ്രോപ്പർട്ടി സർവ്വേ നടത്തിയതിന് ₹129800 2023-24 വർഷവും (ഇൻവോയ്സ് നമ്പർ ULC/23-24 /594 Dt 10.01.2024 പ്രകാരം) ജി ഐ എസ് മാപ്പിംഗ് ഫേസ് – 2ൽ മേൽ ബിൽ പ്രകാരം ₹377458 2024-25 വർഷവും ചെലവഴിച്ചിട്ടുണ്ട്. അത് പ്രകാരം ₹507258 കരാർ പ്രകാരമുള്ള മുഴുവൻ തുകയും ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ മേൽ ബിൽ പ്രകാരമുള്ള ചെലവിന് ആധാരമാക്കിയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രോപ്പർട്ടി സർവ്വേ നടത്തിയത് സംബന്ധിച്ച ഇൻവോയ്സുകൾ ബന്ധപ്പെട്ട ടഷറി ബില്ലിനൊപ്പം സൂക്ഷിച്ചിട്ടില്ല. 500 എണ്ണം പ്രൊപ്പർട്ടി സർവ്വേ ചെയ്തതിന് ₹64900 (ഇൻവോയ്സ് നമ്പർ ULC/23-24/601 Dt. 10.01.2024), 750 എണ്ണം പ്രൊപ്പർട്ടി സർവ്വേ ചെയ്തതിന് ₹97350യും (ഇൻവോയ്സ് നമ്പർ ULC/23-24/704 Dt. 02-02-2024), 750 എണ്ണം പ്രൊപ്പർട്ടി സർവ്വേ ചെയ്തതിന് ₹97350 യും(ഇൻവോയ്സ് നമ്പർ ULC/23-24 /705 Dt. 02-02-2024), 908 എണ്ണം പ്രൊപ്പർട്ടി സർവ്വേ ചെയ്തതിന് ₹117858 യും (ഇൻവോയ്സ് നമ്പർ ULC/23-24/706 Dt. 02-02-2024) നൽകുന്നതിനായുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഇൻവോയ്സുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മേൽ ഇൻവോയ്സിനെ ആധാരമാക്കിയാണ് ₹377458 2024-25 വർഷം പദ്ധതിക്കായി നൽകിയത്. എന്നാൽ കരാർ പ്രകാരമുള്ള മുഴുവൻ തുകയും (129800+377458=507258) 3908 കെട്ടിടങ്ങളുടെ പ്രോപ്പർട്ടി സർവ്വേ നടത്തിയ തുക നൽകിയെങ്കിലും മേൽ പദ്ധതിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ജി ഐ എസ് മാപ്പിംഗ് ഫേസ്-3യിൽ സുലേഖ ചെലവ് പത്രിക പ്രകാരം 6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ച കരാറിനൊപ്പമുള്ള (15.01.2025 തീയതിയിലെ കരാർ) അനക്സർ സി പ്രകാരം 4622 എണ്ണം പ്രൊപ്പർട്ടി സർവ്വേ ചെയ്യുന്നതിന് ₹599936 യാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 2000 എണ്ണം പ്രൊപ്പർട്ടി സർവ്വേ ചെയ്തതിന് ₹259600 (ഇൻവോയ്സ് നമ്പർ ULC/24-25/932 Dt. 08.03.2025), 2622 എണ്ണം പ്രൊപ്പർട്ടി സർവ്വേ ചെയ്തതിന് ₹340336 യും (ഇൻവോയ്സ് നമ്പർ ULC/24-25/1059 Dt. 19.03.2025) എന്നിവ നൽകുന്നതിനായി ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം കരാർ പ്രകാരമുള്ള മുഴുവൻ പ്രോപ്പർട്ടിയുടെയും സർവ്വേ പൂർത്തീകരിച്ചതിനാണ് മേൽ ബില്ലുകൾ പ്രകാരം ₹599936 നൽകേണ്ടതിന് പകരം ₹600000 നൽകിയത്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (ആർ.ടി) 2556/2018/ത.സ്വ.ഭ.വ തീയതി 04.10.2018 പ്രകാരം ജി ഐ എസ് മാപ്പിംഗ് പ്രവൃത്തി ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണ്. ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വേണം ജി ഐ എസ് മാപ്പിംഗ് നടത്താൻ. പ്രോപ്പർട്ടി അസസ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണം എന്നും തദ്ദേശ സ്ഥാപനതലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടു വരണമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന പരാമർശങ്ങൾക്ക് മറുപടി/ രേഖകൾ ഹാജരാക്കിയിട്ടില്ല.

1. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) നാളിതു വരെ മേൽ പ്രൊജക്ടുകൾ പ്രകാരം ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകൾ.
2. ഓരോ ഘട്ടത്തിലും നടപ്പിലാക്കിയ പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ടെക്നിക്കൽ കമ്മിറ്റി റിവ്യൂ നടത്തിയതിന്റെ രേഖകൾ.

3. സർക്കാർ ഉത്തരവ് (ആർ.ടി) 2556/2018/ത.സ്വ.ഭ.വ തീയതി 04.10.2018 പ്രകാരം ഐ.കെ.എം ഡെവലപ്പ് ചെയ്ത സോഫ്റ്റ്‌വെയറുകളുമായി ജി ഐ എസ് മാപ്പിംഗ് സംയോജിപ്പിച്ച് പ്രോപ്പർട്ടി അസസ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഏത് രീതിയിലാണ് പ്രയോജനപ്പെടുത്തിയത് എന്നതിന്റെ വിവരം.

4. ജി ഐ എസ് മാപ്പിംഗ് ഫേസ്-1, 2, 3 എന്നീ ഘട്ടങ്ങളിലായി ഗ്രാമ പഞ്ചായത്തിലെ പ്രോപ്പർട്ടി സർവ്വേ പൂർണ്ണമായും പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഡാറ്റാബേസ് പൂർണ്ണമാക്കിയോ എന്നും ആയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കിയോ എന്നത് സംബന്ധിച്ചും, ഗ്രാമ പഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട്, മേൽ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 34/15.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹977458 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ, പേര്	270/25, വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ്
അടങ്കൽ	₹25000, തനത് ഫണ്ട്
ചെലവ്	₹25000, ബിൽ നമ്പർ :447/24.03.2025

വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് പദ്ധതിയിൽ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 645/2025/LSGD Dt. 07.03.2025 പ്രകാരം സംസ്ഥാനത്ത് മാലിന്യസംസ്കരണ പ്രവൃത്തികളോടനുബന്ധിച്ച് വൃത്തി 2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന പേരിൽ സംഘടിപ്പിക്കുന്ന ഇവന്റിനു വേണ്ടി പഞ്ചായത്ത് വിഹിതമായി മേൽ വൗച്ചർ പ്രകാരം ₹25000 ശുചിത്വമിഷന് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 33/15.10.2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 ഡോക്യുമെന്റേഷൻ രേഖകൾ ലഭ്യമല്ല- ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	139/25, ഡോക്യുമെന്റേഷൻ (സ്പിൽ ഓവർ)
അടങ്കൽ	₹2,00,000 (തനത് ഫണ്ട്)
ചെലവ്	₹50000
ബിൽ നമ്പർ & തീയതി (എ സി ആർ പ്രകാരം)	518/30.03.2025

ഗ്രാമ പഞ്ചായത്തിലെ വിവിധ പദ്ധതികളുടെ പ്രവർത്തന നിർവ്വഹണം സംബന്ധിച്ച രേഖകൾ, ഫോട്ടോഗ്രാഫി വീഡിയോ ഗ്രാഫി എന്നിവ തയ്യാറാക്കുക എന്നതാണ് മേൽ പ്രൊജക്ടിന്റെ ലക്ഷ്യം. ആയതിനായി ടെണ്ടർ ക്ഷണിച്ച് ലഭ്യമായ മൂന്ന് ടെണ്ടറുകളിൽ പെൻസിൽ ഹട്ട് എന്ന സ്ഥാപനം സമർപ്പിച്ച ₹1,80,000 യുടെ ടെണ്ടർ അംഗീകരിച്ച് ടി സ്ഥാപനം സമർപ്പിച്ച ക്യാഷ് ബിൽ നമ്പർ 203/28.03.2025 പ്രകാരം വീഡിയോ ഡോക്യുമെന്റേഷൻ ചാർജ്ജിനത്തിൽ ₹50,000 സജിത്ത് ജി. എന്നവർക്ക് (ആദായ നികുതി ₹1000 കുറവ് ചെയ്ത്) നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഡോക്യുമെന്റേഷൻ നടത്തിയതിന്റെ രേഖകൾ, ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം, പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം, പെൻസിൽ ഹട്ട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ, പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/14.10.2025) ലഭ്യമാക്കിയ മറുപടിയുടെ കൂടെ പദ്ധതി പൂർത്തീകരിച്ചില്ല എന്നും സ്പിൽ ഓവറായി നടപ്പാക്കുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം, പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം, പെൻസിൽ ഹട്ട് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ -രേഖകൾ ലഭ്യമല്ല ₹121249 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	132/25, സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ
അടങ്കൽ	₹300000, വികസന ഫണ്ട് – ജനറൽ
ചെലവ്	₹286506
ബിൽ നമ്പർ/തീയതി	₹104519, 283/30.01.2025 ₹60738, 331/06.032025 ₹121249, 429/22.01.2025

സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ എന്ന പദ്ധതിയിൽ വെളുത്ത കുന്നത്ത് കാവ് മുതൽ ഓടക്കാവ് റോഡ് വരെ (വാർഡ് – 7) സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കുന്നതിന് കെ എസ് ഇ ബി പെരളശ്ശേരി യിൽ നിന്ന് ലഭ്യമാക്കിയ ഡിമാന്റ് നോട്ട് പ്രകാരം ₹104519 കെ.എസ്.ഇ.ബി പെരളശ്ശേരിയുടെ അക്കൗണ്ടിലേക്കും, ചിരുകണ്ടോത്ത് മുക്ക് കേളോത്ത് മുക്ക് ലൈൻ വലിക്കുന്നതിന് ₹121249 കെ എസ് ഇ ബി പെരളശ്ശേരിയുടെ അക്കൗണ്ടിലേക്കും, പതിനാറാം വാർഡിൽ ഇലക്ട്രിക്ക് സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് ₹60738 കെ എസ് ഇ ബി കാടാച്ചിറയുടെ അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിൽ ചിരുകണ്ടോത്ത് മുക്ക് കേളോത്ത് മുക്ക് ലൈൻ വലിക്കുന്നതിന് കെ എസ് ഇ ബി ക്ക് തുക നൽകാൻ ആധാരമാക്കിയ ഡിമാന്റ് നോട്ട്, എസ്റ്റിമേറ്റ്, കെ എസ് ഇ ബി പെരളശ്ശേരിയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/14.10.2025) ലഭ്യമാക്കിയ മറുപടിയുടെ കൂടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹121249 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-36 വാതക ശ്മശാനത്തിൽ കുഴൽ കിണർ നിർമ്മാണം – വിനിയോഗ വിവരം ലഭ്യമല്ല – ₹90000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/പേര്	140/25, വാതക ശ്മശാനത്തിൽ കുഴൽ കിണർ നിർമ്മാണം
അടങ്കൽ	₹200000, വികസന ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ്	₹90000
ബിൽ നമ്പർ/തീയതി	₹90000, 317/24.02.2025

വാതക ശ്മശാനത്തിൽ കുഴൽ കിണർ നിർമ്മാണം എന്ന പ്രവൃത്തിയിൽ ജില്ലാ ഓഫീസർ ഭൂജല വകുപ്പ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ₹90000 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 71901100000020) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/14.10.2025) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹90000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-37 ഉപയോഗ ശൂന്യമായ കുടിവെള്ള ടാപ്പുകൾ നീക്കം ചെയ്യുന്നതിന് തുക കൈമാറൽ വിനിയോഗ വിവരം ലഭ്യമല്ല ₹1,59,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/ പേര്	182/25, ഉപയോഗ ശൂന്യമായ കുടിവെള്ള ടാപ്പുകൾ നീക്കം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ
അടങ്കൽ	₹159000, തനത് ഫണ്ട്
ചെലവ്	₹159000, തനത് ഫണ്ട്

ബിൽ നമ്പർ/ തീയതി	₹1,59,000, 152/05.11.2024

ഉപയോഗ ശൂന്യമായ കുടിവെള്ള ടാപ്പുകൾ നീക്കം ചെയ്യുന്നതിന് തുക കൈമാറൽ എന്ന പദ്ധതിയിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ₹159000 മേൽ ബിൽ പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ കണ്ണൂരിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തിക്കായി വാട്ടർ അതോറിറ്റിയുമായി 15.01.2025 ന് ഏർപ്പെട്ട കരാർ ഉടമ്പടി പ്രകാരം (2/2025) പ്രവൃത്തി എത്രയും പെട്ടന്ന് പൂർത്തിയാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 10.02.2025 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വാട്ടർ അതോറിറ്റിക്കയച്ച കത്തിൽ വാട്ടർ അതോറിറ്റിയിൽ തുക അടച്ചതിന് ശേഷവും എല്ലാ മാസവും ഭീമമായ തുകയുടെ ബിൽ ലഭ്യമാകുന്നുണ്ട് എന്നറിയിക്കുകയും പ്രസ്തുത ബിൽ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ വേണ്ടി അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1,59,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-38 തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -രേഖകൾ ലഭ്യമല്ല ₹306325 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/പേര്	181/24, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ
അടങ്കൽ	₹3,00,000, വികസന ഫണ്ട് -ജനറൽ ₹7050, തനത് ഫണ്ട് ആകെ: ₹307050
ചെലവ്	₹3,00,000, വികസന ഫണ്ട് – ജനറൽ ₹6325, തനത് ഫണ്ട് ആകെ: ₹306325
ബിൽ നമ്പർ/തീയതി	₹3,00,000, 291/03.02.2025 ₹6325, 310/18.02.2025

തെരുവ് വിളക്കുകൾ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ ക്രൂസിൽ നിന്നും ഇൻവോയസ് നമ്പർ KREWS/E43/24-25 Dt. 02.01.2025 പ്രകാരം ₹306325 യ്ക്ക് 125 എണ്ണം 18W LED Street Light Automatic With All Fittings വാങ്ങിയിട്ടുണ്ട്. ഫയലിൽ 125 എണ്ണം ലഭിച്ചതായുള്ള Acceptance Certificate Of Supplies സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മേൽ സർട്ടിഫിക്കറ്റിൽ പർച്ചേസിംഗ് ഓഫീസർ ഒപ്പ് വെച്ചിട്ടില്ല. ക്രൂസുമായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 01.02.2025 ന് ഒപ്പ് വെച്ച കരാർ ഉടമ്പടി പ്രകാരം സാധനങ്ങൾ വിതരണം ചെയ്ത് ബിൽ ലഭ്യമാക്കിയാൽ ബിൽ തുകയുടെ 90% തുക നൽകാനും ബാക്കി തുക സാധന സാമഗ്രികൾ സ്ഥാപിച്ച് 15 ദിവസത്തിനുള്ളിൽ കൈമാറാനുമാണ് വ്യവസ്ഥ ചെയ്തത്. എന്നാൽ ക്രൂസിന്റെ 02.01.2025 തീയതിയിലെ ഇൻവോയ്സ് നമ്പർ KREWS/E43/24-25 പ്രകാരം ₹306325 മേൽ ബില്ലുകൾ പ്രകാരം മുഴുവൻ തുകയും ക്രൂസിന് കൈമാറിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ സർട്ടിഫിക്കറ്റ്, സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ കെ എസ് ഇ ബി സൂപ്പർ വിഷൻ ചെയ്തതിന്റെ രേഖകൾഎന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/14.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹306325 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-39 എസ് എസ് എ വിഹിതം അടക്കൽ ₹8,29,053 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ/പേര്	2/25, എസ് എസ് എ വിഹിതം അടക്കൽ
അടങ്കൽ	₹8,29,053 വികസന ഫണ്ട് -ജനറൽ
ചെലവ്	₹8,29,053
ബിൽ നമ്പർ/തീയതി	₹6,00,000, 217/23.12.2024 ₹1,85,011, 362/11.03.2025 ₹44042, 433/23.03.2025

എസ് എസ് എ വിഹിതം അടക്കൽ എന്ന പ്രൊജക്ട് പ്രകാരം ₹8,29,053 സമഗ്ര ശിക്ഷ കേരളം മിഷന്റെ

അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/14.10.2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രത്തിന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹8,29,053 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 തെരുവ് നായ നിയന്ത്രണം - വിഹിതം കൈമാറൽ വിനിയോഗ വിവരം ലഭ്യമല്ല ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ, പേര്	23/25, തെരുവ് നായ നിയന്ത്രണം -വിഹിതം കൈമാറൽ
അടങ്കൽ	₹1,00,000 വികസന ഫണ്ട്
ചെലവ്, ബിൽ നമ്പർ തീതി	₹100000, 275/23.01.2025

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23.08.2022 തീയതിയിലെ സ.ഉ.(സാധാ) നം. 2065/2022/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ₹1,00,000 ഗ്രാമപഞ്ചായത്ത് കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/14.10.2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രത്തിന് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹1,00,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-41 മക്രേരി അമ്പലമെട്ട - ബാവോട് വയൽ റോഡ് റീടാറിങ് അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ, പേര്	155/25, മക്രേരി അമ്പലമെട്ട - ബാവോട് വയൽ റോഡ് റീടാറിങ്
അടങ്കൽ	422867/- മെയ്ന്റനൻസ് ഫണ്ട് (Road)
ചെലവ്	422867/- മെയ്ന്റനൻസ് ഫണ്ട് (Road)
വൗച്ചർ നമ്പർ/തീയതി	318/26.09.2024
എഗ്രിമെന്റ് നമ്പർ, തീയതി	AE(P)/18/2020-21
കോൺട്രാക്ടർ	PICOS

പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കരാറുകാരനെ പ്രവൃത്തി തുടരാൻ അനുവദിച്ചതിലെ അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നാൾവഴികൾ, അനുബന്ധ വിവരങ്ങൾ:

സൈറ്റ് ഏറ്റെടുത്ത തീയതി : 14.08.2020

അന്തിമ അളവ് തീയതി : 01.09.2022

പ്രവൃത്തി പൂർത്തീകരണ കാലാവധി : 6 മാസം

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നത് : 01.09.2022

1) കേരള പി.ഡബ്ല്യു.ഡി മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിതമാർഗ്ഗേണയുള്ള അപേക്ഷയിൽ പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനം മാത്രമാണ്. എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തീകരണ കാലാവധി നിയമം

അനുശാസിക്കുന്നതിലുമധികം സമയം നീട്ടി നൽകിയിട്ടുണ്ട്.

2) പ്രവൃത്തി കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരന്റെ അപേക്ഷ ഫയലിൽ ലഭ്യമല്ല.

3) ഭരണസമിതി കാലാവധി നീട്ടി നൽകിയതിന്റെ തീരുമാന രേഖകൾ ലഭ്യമല്ല.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 57) ലഭ്യമാക്കിയ മറുപടിയിൽ നൽകിയ കാരണങ്ങൾ ഭരണസമിതി അംഗീകരിച്ചത് രേഖപ്പെടുത്തുകയോ, ഭരണസമിതി തീരുമാനം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയും, അനധികൃതമായി പ്രവൃത്തി കാലാവധി നീട്ടി നൽകിയത് ക്രമവത്കരിക്കേണ്ടതുമാണ്.

1-42 ബാലിക്കാവ് അരയാൽ തറ റോഡ് അറ്റകുറ്റപ്പണി അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/പേര്	149/25, ബാലിക്കാവ് അരയാൽ തറ റോഡ് അറ്റകുറ്റപ്പണി
അടങ്കൽ	₹500000, മെയ്ന്റനൻസ് ഫണ്ട് (Road) ₹5000, തനത് ഫണ്ട് ആകെ: ₹505000
ചെലവ്	₹478529, മെയ്ന്റനൻസ് ഫണ്ട് (Road)
വൗച്ചർ നമ്പർ/തീയതി	509/28.02.2025
എഗ്രിമെന്റ് നമ്പർ, തീയതി	AE/LID & EW/PGP/4/22-23 Dt. 12.10.2023
കോൺട്രാക്ടർ	വിവേക് എ കെ

പ്രസ്തുത പ്രവൃത്തിയിൽ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കരാറുകാരനെ പ്രവൃത്തി തുടരാൻ അനുവദിച്ചതിലെ അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച നാൾവഴികൾ, അനുബന്ധ വിവരങ്ങൾ:

സൈറ്റ് ഏറ്റെടുത്ത തീയതി : 12.10.2023

അന്തിമ അളവ് തീയതി - 14.02.2025

പ്രവൃത്തി പൂർത്തീകരണ കാലാവധി – 6 മാസം

പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നത് - 14.02.2025

1) കേരള പി.ഡബ്ല്യു.ഡി മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ ഉചിതമാർഗ്ഗേണയുള്ള അപേക്ഷയിൽ പരമാവധി പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കാൻ ഉള്ള കാലാവധി യഥാർത്ഥ പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ 50 ശതമാനം മാത്രമാണ്. എന്നാൽ ഇവിടെ പ്രവൃത്തി പൂർത്തീകരണ കാലാവധി നിയമം അനുശാസിക്കുന്നതിലുമധികം സമയം നീട്ടി നൽകിയിട്ടുണ്ട്.

2) പ്രവൃത്തി കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരന്റെ അപേക്ഷ ഫയലിൽ ലഭ്യമല്ല.

3) ഭരണസമിതി കാലാവധി നീട്ടി നൽകിയതിന്റെ തീരുമാന രേഖകൾ ലഭ്യമല്ല.

